**അനുബന്ധം**

<u>ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ. ഉന്നയിച്ച</u>
<u>മഞ്ചേശ്വരത്തെ സർക്കാർ ആശുപത്രികൾ എന്ന സബ്മിഷന്</u>
<u>ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്)</u>
<u>മേശപ്പുറത്തുവച്ച മറുപടി</u>

**സാമൂഹ്യാരോഗ്യ കേന്ദ്രം, മഞ്ചേശ്വരം**

ഏകദേശം 75 വർഷം പഴക്കമുള്ള ഈ സ്ഥാപനം ഒരേക്കർ അമ്പത്തി രണ്ട് സെന്ററിലാണ് സ്ഥിതി ചെയ്യുന്നത്. ഈ സ്ഥാപനത്തിൽ ദിവസേന 200-ഓളം രോഗികൾക്ക് സേവനം ലഭ്യമാക്കുന്നു. നിലവിൽ ആശുപത്രി പ്രവർത്തന സമയം രാവിലെ 9.00 മണി മുതൽ ഉച്ചയ്ക്ക് 2.00 വരെയാണ്. ഓഫീസ്, ഫാർമസി, ലാബ്, കോവിഡ് ടെസ്റ്റ്, കോവിഡ് വാക്സിനേഷൻ, ഡെന്റൽ ഒ.പി, ഫിസിയോതെറാപ്പി, പ്രൈമറി & സെക്കണ്ടറി കെയർ, ഇമ്മ്യൂണൈസേഷൻ സേവനങ്ങൾ മുതലായ നൽകിവരുന്നു.

ഈ ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ-4, ജൂനിയർ കൺസൾട്ടന്റ്-2, ഡെന്റൽ സർജൻ-1 എന്നിവർ ഉൾപ്പെടെ 38 സ്ഥിരം ജീവനക്കാരുടെ അംഗീകൃത തസ്തികകളുണ്ട്. ഡോക്ടർമാരുടെ ഒഴിവുകളൊന്നുംതന്നെ നിലവിലില്ല. ആർദ്രം മാനദണ്ഡപ്രകാരം സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ

പ്രസവചികിത്സ വിഭാവനം ചെയ്യുന്നില്ലാത്തതിനാൽ കാസർഗോഡ് ജില്ലയിൽ ഗൈനക്കോളജിസ്റ്റിന്റെ കുറവ് പരിഗണിച്ചും നിലവിലുള്ള ഗൈനക്കോളജി ജൂനിയർ കൺസൾട്ടന്റിനെ ജില്ലാ ആശുപത്രിയിലേയ്ക്ക് ജോലി ക്രമീകരണടിസ്ഥാനത്തിൽ മാറ്റിയിട്ടുണ്ട്.

നിലവിൽ ഈ സ്ഥാപനത്തിലെ ഒ.പി ബ്ലോക്ക്, ലബോറട്ടറി, ഫാർമസി, സ്റ്റോർ റൂം, ഒബ്സർവേഷൻ റൂം, മൂന്ന് സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവ കോൺക്രീറ്റ് കെട്ടിടത്തിൽ സ്ഥിതിചെയ്യുന്നു. മെഡിക്കൽ ഓഫീസർ റൂം, ഓഫിസ് റൂം, ഡെന്റൽ ഒ.പി., ഇമ്മ്യൂണൈസേഷൻ റൂം, ഐ.എൽ.ആർ. റൂം, പാലിയേറ്റീവ് റൂം, ഫിസിയോതെറാപ്പി റൂം, സ്റ്റാഫ് ക്വാർട്ടേഴ്സ്-1, കോൺഫറൻസ് ഹാൾ ഇവയെല്ലാം പഴയ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. ഈ ആശുപത്രിക്കായി പുതിയ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനായി കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 3.7 കോടി രൂപയുള്ള അനുമതി നൽകുകയും, തുടർന്ന് ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വരികയുമാണ്.

ആർദ്രം മിഷന്റെ ഭാഗമായി മഞ്ചേശ്വരം റവന്യൂ ബ്ലോക്കിൽനിന്നും മഞ്ചേശ്വരം സി.എച്ച്.സി.-യെ 20.03.2020-ലെ സ.ഉ(സാധാ) 619/2020/ ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 37.50 ലക്ഷം രൂപ അനുവദിച്ചതിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

**സാമൂഹ്യാരോഗ്യ കേന്ദ്രം, കുമ്പള**

കുമ്പള സാമൂഹികാരോഗ്യ കേന്ദ്രം ഒരേക്കർ അറുപത്തി അഞ്ചു സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. നിലവിൽ ഈ സ്ഥാപനത്തിലെ പ്രധാന കെട്ടിടത്തിൽ നഴ്സിംഗ് സ്റ്റേഷൻ, ഫാർമസി, മെയിൽ & ഫീമെയിൽ വാർഡ്, ഓഫീസ് എന്നിവ പ്രവർത്തിച്ചുവരുന്നു. കോൺക്രീറ്റ് ചെയ്ത രണ്ട് കെട്ടിടങ്ങളിൽ ഒ.പി.-യും, ലാബും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജീവനക്കാർക്കായി 6 ക്വാർട്ടേഴ്സുകളുണ്ട്. ഈ ആശുപത്രിയുടെ ശരാശരി പ്രതിദിന ഒ.പി 165-ഉം ഐ.പി.3 -ഉം ആണ്.

കുമ്പള സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ-7, സിവിൽ സർജൻ-1 ഉൾപ്പെടെ 41 ജീവനക്കാരുടെ സ്ഥിരം തസ്തികകളുണ്ട്. ഇത് കൂടാതെ എൻ.എച്ച്.എം. മുഖാന്തരം ഒരു ഫാർമസിസ്റ്റിന്റെ സേവനംകൂടി ലഭ്യമാക്കിയിട്ടുണ്ട്.

കുമ്പള സാമൂഹികാരോഗ്യ കേന്ദ്രത്തെ 01.08.2021-ലെ സ.ഉ(സാധാ) 1633/2021/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്തിട്ടുണ്ട്.

ഒ.പി., ഒബ്സർവേഷൻ സംവിധാനം, സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ പരിരക്ഷ, രോഗപ്രതിരോധ കുത്തിവയ്പ്പ്, ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ, പൊതുജനാരോഗ്യ ഫീൽഡ്തല പ്രവർത്തനങ്ങൾ, ക്ഷയരോഗ നിർമ്മാർജ്ജനവും രോഗചികിത്സയും മാനസികാരോഗ്യ ചികിത്സ, വെക്ടർ കൺട്രോൾ പ്രോഗ്രാം, കൊതുകുജന്യ ചികിത്സയും നിയന്ത്രണവും, കൗമാര ആരോഗ്യ പരിപാടി, സെക്കന്ററി പാലിയേറ്റീവ് കെയർ തുടങ്ങിയ സേവനങ്ങളും മറ്റു ആരോഗ്യക്ഷേമ പ്രവർത്തനങ്ങളും നൽകിവരുന്നു. ഈ ആശുപത്രിയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി പുതിയ കെട്ടിട നിർമ്മിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**താലൂക്ക് ആശുപത്രി, മംഗൽപാടി**

23.01.2018-ലെ ജി.ഒ(ആർ.റ്റി) 258/2018/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് മംഗൽപാടി സാമൂഹികാരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്ത് ഉത്തരവായത്.

ദിവസേന 700-ഓളം രോഗികൾക്ക് ഈ സ്ഥാപനത്തിൽ ഒ.പി/ കാഷ്വൽറ്റി സേവനം ലഭ്യമാക്കി വരുന്നു. 24 കിടക്കകളുള്ള ഈ ആശുപത്രിയിൽ പ്രതിദിന ശരാശരി ഐ.പി. 20 ആണ്.

24 മണിക്കൂർ കാഷ്വൽറ്റി, കിടത്തി ചികിത്സ, പോസ്റ്റ് മോർട്ടം, ഡയാലിസിസ്, സ്കാനിംഗ്, എക്സ്റേ, ലാബ് സൗകര്യങ്ങൾ തുടങ്ങിയ സേവനങ്ങളും ഈ ആശുപത്രിയിൽനിന്നും നൽകിവരുന്നുണ്ട്.

നിലവിൽ ഈ സ്ഥാപനത്തിൽ സൂപ്രണ്ട് (അസിസ്റ്റന്റ് ഡയറക്ടർ) -1, ജൂനിയർ കൺസൽട്ടന്റ് (മെഡിസിൻ) -1, അസിസ്റ്റന്റ് സർജൻ -3, കാഷ്വൽറ്റി മെഡിക്കൽ ഓഫീസർ - 4 എന്നിങ്ങനെ 9 ഡോക്ടർമാർ ഉൾപ്പെടെ അനുവദിച്ച സ്ഥിരം ജീവനക്കാരുടെ തസ്തികകളുടെ എണ്ണം 56 ആണ്. ഡോക്ടർമാർ, നഴ്സിംഗ് ഓഫീസർമാർ തുടങ്ങിയ തസ്തികകളിലുള്ള ഒഴിവുകൾ അഡ്ഹോക് വ്യവസ്ഥയിലുള്ള നിയമനം മൂലവും, എൻ.എച്ച്.എം. മുഖാന്തരവും

നികത്തിയിട്ടുണ്ട്. എൻ.എച്ച്.എം. മുഖാന്തരം ഒരു അസിസ്റ്റന്റ് സർജന്റെയും ഒരു കാഷ്വൽറ്റി മെഡിക്കൽ ഓഫീസറുടേയും ഉൾപ്പെടെ 5 താൽകാലിക ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അഡ്ഹോക് വ്യവസ്ഥയിൽ 11 താൽകാലിക ജീവനക്കാരുടെയും എച്ച്.എം.സി. മുഖാന്തരം രണ്ട് ജീവനക്കാരുടെയും സേവനം ലഭിച്ചുവരുന്നുണ്ട്.

<u>നിലവിൽ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ</u>:- ഒ.പി. കെട്ടിടം-1, ഐ.പി. കെട്ടിടം-2 (പുരുഷൻമാരുടെയും സ്ത്രീകളുടെയും വാർഡ്), ഓഫീസ് കെട്ടിടം-1, ലാബ്-1, ഡയാലിസിസ് കെട്ടിടം-1 (12 മെഷീനുകൾ) ഫിസിയോതെറാപ്പി/സെക്കണ്ടറി പാലിയേറ്റീവ് കെട്ടിടം-1, മോർച്ചറി കെട്ടിടം-1 എന്നിവയാണ്.

മംഗൽപാടി താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കെട്ടിടനിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 13.74 കോടി രൂപയുടെ ധനാനുമതി ലഭ്യമാക്കിയിട്ടുണ്ട്. മൂന്ന് നിലകളിലായുള്ള നിർമ്മാണ പ്രവൃത്തികൾക്കുള്ള സാമ്പത്തികാനുമതിയാണ് കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുള്ളത്. ഇതിനനുസൃതമായുള്ള പ്ലാൻ തയ്യാറാക്കുകയും സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാക്കിയാൽ ടെണ്ടർ ചെയ്ത് നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ തുടങ്ങാവുന്നതാണ്.

7 നില കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുന്നതിന് തുടക്കം മുതൽക്കുള്ള വിശദമായ പരിശോധനകൾ ആവശ്യമാണ്. പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്. കൂടാതെ കിഫ്ബിയുടെ അംഗീകാരവും സാമ്പത്തികാനുമതിയും ആവശ്യമാണ്. ഈ സാഹചര്യത്തിൽ 7 നില കെട്ടിടം വേണമെന്ന ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആവശ്യം പരിഗണിക്കുന്നതിന് പ്രായോഗിക തടസ്സമുണ്ട് എന്നുള്ള കാര്യം അറിയിക്കുന്നു.